പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2958

13.03.2018-ൽ മറുപടിക്ക്

## തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്ത് വിശദമാക്കാമോ;

എ) 2016-17 വർഷത്തെ പദ്ധതി ചെലവ് (08.03.2017 തീയതിയിൽ)

| തദ്ദേശ സ്ഥാപനം | വിഹിതം | ചെലവ് തുക | % |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2924.21 | 1049.03 കോടി | 35.87% |
| ജില്ലാ പഞ്ചായത്ത് | 658.59 | 222.33 കോടി | 33.76 % |

2017-18 വർഷത്തെ പദ്ധതി ചെലവ് (08.03.2018 തീയതിയിൽ)

| തദ്ദേശ സ്ഥാപനം | വിഹിതം | ചെലവ് തുക | % |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 3044.98 | 1960.12 കോടി | 64.37% |
| ജില്ലാ പഞ്ചായത്ത് | 792.50 | 336.22 കോടി | 42.43 % |

**കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും 2017, 2018 ഫെബ്രുവരി 28 അടിസ്ഥാനമാക്കിയുള്ള പദ്ധതി ചെലവ് ചുവടെ ചേർക്കുന്നു.**

| | 28/02/2017 | 28/02/2018 |
|---|---|---|
| **മുനിസിപ്പാലിറ്റി** | 27.57% | 53.91% |
| **കോർപ്പറേഷൻ** | 17.73% | 49.58% |

2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവ് 2016-17-നെ അപേക്ഷിച്ച് കൂടുതലാണ്.

ബ്ലോക്ക് പഞ്ചായത്തുകൾ 2016-17 സാമ്പത്തിക വർഷത്തിൽ 28/02/2017 വരെ ബഡ്ജറ്റ് വിഹിതത്തിന്റെ 28.02 ശതമാനമാണ് ചെലവഴിച്ചിരുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 28/02/2018 വരെ ബഡ്ജറ്റ് വിഹിതത്തിന്റെ 56.59 ശതമാനം ചെലവഴിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ചെലവിന്റെ ശതമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| ബി) നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ എത്ര ശതമാനമാണ്; ഇതുവരെ ചെലവഴിച്ച പദ്ധതി തുക എത്രയെന്നും ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും എത്ര വീതമെന്ന് അറിയിക്കാമോ? | ബി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾക്കെല്ലാം ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br>ഗ്രാമപഞ്ചായത്തുകൾ ഇതുവരെ ചെലവഴിച്ച പദ്ധതി തുക ₹1960.12 കോടി<br>കേന്ദ്രാവിഷ്കൃത പദ്ധതിവിഹിത ചെലവ് ₹ 28.49 കോടി<br>ജില്ലാ പഞ്ചായത്തുകൾ ഇതുവരെ ചെലവഴിച്ച പദ്ധതി തുക ₹336.22 കോടി<br>കേന്ദ്രാവിഷ്കൃത പദ്ധതിവിഹിത ചെലവ് ₹ 5.76 കോടി<br><br>2017-18 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും വാർഷിക പദ്ധതിയ്ക്ക് 2017 ജൂൺ 15 നകം ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു. തുടർന്ന് പദ്ധതി ഭേദഗതി സമയത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭേദഗതികൾ വരുത്തിയിരുന്നു. വാർഷിക പദ്ധതി 2017-18-ൽ അനുവദിച്ച ബജറ്റ് വിഹിതമായ 675.87 കോടി രൂപയിൽ 337.10 കോടി രൂപ കോർപ്പറേഷനുകൾ ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ച 889 കോടി രൂപയിൽ 488.07 കോടി രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. NULM, PMAY (Urban), AMRUT, Smart City Mission, Swach Bharat Mission (Urban) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലെല്ലാം 40% സംസ്ഥാന വിഹിതവും 60% കേന്ദ്ര വിഹിതവുമാണ്.<br><br>ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ